മറ്റെന്തെങ്കിലും പദാർത്ഥം കണ്ടെത്തുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇല്ലെങ്കിൽ മണലിന് പകരം മറ്റെന്തെങ്കിലും കണ്ടെത്തുന്നതിന് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിദിനം എത്രമാത്രം മണൽ ആവശ്യമാണെന്ന് വ്യക്തമാക്കാമോ;

(ഡി) അമിത ആഡംബരത്തോടെയുള്ള ഗൃഹനിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന പാറ പൊടിച്ചുണ്ടാക്കുന്ന മണൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിനെക്കുറിച്ച് പഠനം നടത്തിവരുന്നു. മൈനിംഗ് ബോർഡിന്റെയും, നിർമ്മിതി കേന്ദ്രയുടെയും അഭ്യർത്ഥനപ്രകാരം പാറ ലഭ്യമുള്ള പ്രദേശം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

റവന്യൂ ഭൂമി കൈയേറ്റം

58 [158] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
,, *വി. ചെന്താമരാക്ഷൻ:*
,, *രാജു എബ്രഹാം:*
,, *ഡി. സി. ജോർജ്* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും റവന്യൂ ഭൂമി കൈയേറ്റവും വ്യാജ പട്ടയനിർമ്മാണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഏതൊക്കെ ഭാഗങ്ങളിൽ എത്ര ഏക്കർ റവന്യൂ ഭൂമിയാണ് കൈയേറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാർ, ദേവികുളം, കണ്ണൻ ദേവൻ ഹിൽസ് എന്നീ വില്ലേജുകളിൽ നടന്ന വനം കൈയേറ്റത്തെക്കുറിച്ചും, വ്യാജ പട്ടയനിർമ്മാണത്തെക്കുറിച്ചും സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വ്യാജ പട്ടയനിർമ്മാണത്തിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) എത്ര ഏക്കർ ഭൂമിയാണ് കൈയേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുള്ളത്; ഇതിൽ എത്ര ഏക്കർ ഭൂമിയിൽനിന്നും കൈയേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ജി) റവന്യൂ ഭൂമി കൈയേറ്റത്തെക്കുറിച്ചും വ്യാജ പട്ടയനിർമ്മാണത്തെക്കുറിച്ചും പോലീസ് ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; പ്രസ്തുത റിപ്പോർട്ടിൻമേൽ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഐ) അനധികൃത പട്ടയം സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) -- (സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) --- (ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) & (ഐ) വിവരം ശേഖരിച്ചുവരുന്നു.

നിയമവകുപ്പ് കക്ഷിയായുള്ള കേസുകൾ

59 [159] *ശ്രീ. കോവൂർ കുഞ്ഞുമോൻ* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നിയമവകുപ്പ് സെക്രട്ടറിയെ എതിർകക്ഷിയാക്കി ഒ. പി. 14913/97, ഒ. പി. 16441/98, ഒ. പി. 4567/99, ഡബ്ല്യു. പി. (സി) നം. 8405/2004, ഡബ്ല്യു. പി. നം. 17866/2004 എന്നീ കേസുകളും ഒ. പി. 14629/97, ഒ. പി. 14018/97, ഒ. പി. 6389/98 എന്നീ റെർജികളും ഫയൽ ചെയ്ത ഹർജിക്കാരുടെ പേരുവിവരവും ഓരോ കേസിലെയും പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(ബി) ഒ. പി. നം. 14913/97-ാം നമ്പർ കേസിലെ സി. എം. പി. നം. 26850/97, സി. എം. പി. 39090/97 എന്നിവയുടെ ഇടക്കാല ഉത്തരവ് ആരുടെ ലീഗൽ അസിസ്റ്റന്റ് നിയമനം സംബന്ധിച്ചതാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly